ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റ്സ് വേണ്ടിവരുന്ന പ്രശ്നമായതുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിന് മുമ്പ് ചെയ്യാൻ കഴിയുമോയെന്ന് ഈ ഘട്ടത്തിൽ പറയാൻ കഴിയില്ല. എങ്കിൽപ്പോലും ശ്രീ. രവിയുടെ ചോദ്യത്തിന് മറുപടി പറഞ്ഞതുപോലെ സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇക്കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുമായി സംസാരിച്ച് കേന്ദ്ര ഗവണ്മെന്റിൽ ഇക്കാര്യം ടേക്കപ് ചെയ്യാനാവശ്യമായ നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ : സർ, വിദ്യാഭ്യാസ സ്ഥാപനങ്ങളും അതുപോലെ ചികിൽസാ സ്ഥാപനങ്ങളും എല്ലാം ബ്ലോക്കു പഞ്ചായത്തിന്റെ പരിധിയിലുണ്ട്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന മട്ടിലുള്ള സംവിധാനങ്ങളുമുണ്ട്. അവയുടെ ദൗത്യം ശരിക്കും നിർവ്വഹിക്കാത്ത സ്ഥലങ്ങളിൽ എന്താണ് അതിന് പകരം ചെയ്യാൻ കഴിയുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ബദൽ സംവിധാനമൊന്നും പറയുന്നതേയില്ല. ചെയ്യാത്ത ആളുകളെക്കൊണ്ട് അത് ചെയ്യിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ ചെയ്യുമെന്ന് മാത്രമേ പറയാനുള്ളൂ. എവിടെയെങ്കിലും അലക്ഷ്യമുണ്ടെങ്കിൽ അത് നോക്കി ആവശ്യമായി നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കുന്ന ജലസേചന പദ്ധതികളുടെ പ്രവർത്തനം

3 (*538) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കുന്ന ജലസേചന പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികളുടെ പ്രവർത്തനങ്ങളിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി സർക്കാർ വിലയിരുത്തുകയുണ്ടായോ ;

(ഡി) പുതുതായി ഏതെല്ലാം ജലപദ്ധതികൾക്ക് വേണ്ടിയാണ് ലോകബാങ്ക് സഹായം തേടുവാൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് ജലസേചന പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ലോകബാങ്ക് സഹായത്തോടെയുള്ള ജലസേചന പദ്ധതികൾ ഒന്നും ഇപ്പോൾ ആലോചനയിൽ ഇല്ല.

കുടിവെള്ള വിതരണത്തിനുള്ള ഹെൽപ്പ് ലൈൻ സംവിധാനം

4 (*539) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള വിതരണം കാര്യക്ഷമമാക്കുവാനുള്ള ഹെൽപ്പ് ലൈൻ കൺട്രോൾ റൂം ജില്ലാ ആസ്ഥാനങ്ങൾ തോറും സ്ഥാപിക്കുവാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ :

(ബി) ഹെൽപ്പ് ലൈൻ സംവിധാനം 24 മണിക്കൂറും ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) തിരുവനന്തപുരം നഗര ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു അസി. എഞ്ചിനീയറുടെ കീഴിൽ ആവശ്യമുള്ള ജീവനക്കാരെ പുനർവിന്യസിച്ച് ഒരു ഹെൽപ്പ്ലൈൻ സംവിധാനം ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു കഴിഞ്ഞു. കോട്ടയത്ത് നേരത്തെ തന്നെ ഹെൽപ്പ്ലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ രണ്ടു സ്ഥലങ്ങളിലേയും പ്രവർത്തന വിജയത്തിനനുസരിച്ച് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത് വ്യാപിപ്പിക്കാവുന്നതാണ്.

(ബി) ഹെൽപ്പ്ലൈൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly